ശരിയല്ല. I will examine it I will consult the Minister and see whether we can take it up in any other way.

2. *The Bus accident at Bharananganam on January 20, 1970*

ഗതാഗതവും ആരോഗ്യവും മന്ത്രി (ശ്രീ. കെ. എം. ജോർജ്): 20—1—1970, അതായത് മിനിഞ്ഞാന്ന് വൈകുന്നേരം ഏഴരമണിയോടുകൂടി ഭരണങ്ങാനത്ത് അതിദാരുണമായ ഒരു ബസ്സപകടം ഉണ്ടായി. ഭരണങ്ങാനത്തെ പ്രശസ്തമായ ഒരു പള്ളിയിലെ തിരുനാൾ സംബന്ധിച്ചുഘോഷയാത്ര റോഡിൽകൂടി പോകുകയായിരുന്നു. ആ ഘോഷയാത്ര പാലാ ഈരാട്ടുപേട്ട റോഡിൽകൂടി പടിഞ്ഞാറോട്ടു വന്ന് കിഴക്കോട്ടുള്ള വളവുതിരിഞ്ഞ് അവിടെയുള്ള കുരിശടിയിൽ പ്രാർത്ഥനനടത്തി തിരിച്ച് പള്ളിയിൽ പോകുകയാണ് ചെയ്യുന്നത്. അങ്ങനെ ആ ഘോഷയാത്ര പൊയ്ക്കോണ്ടിരിക്കുമ്പോൾ ഏഴരമണിയോടുകൂടി ഒരു സ്വകാര്യ ബസ്സ്, പാലാ ഈരാറ്റുപേട്ട റോഡിൽ ഓടിക്കൊണ്ടിരുന്ന ഒരു പ്രൈവറ്റ് ബസ്സ് ജനങ്ങളുടെ മുമ്പിൽ ചെന്ന് കയറുകയും അങ്ങനെ അത്യാഹിതം സംഭവിക്കുകയുമാണ് ചെയ്തത്. ഈ സംഭവം അവിടെ ഉണ്ടായതിനെപ്പറ്റി രണ്ടു തരത്തിലുള്ള വെർഷൻ കേൾക്കുകയുണ്ടായി. വളരെയധികം ആളുകൾ മരണപ്പെട്ടിരിക്കുന്നുവെന്നും നാൽപ്പതോളം ആളുകൾക്ക് ഗുരുതരമായ പരിക്കേറ്റിരിക്കുന്നു എന്നുമുള്ള വിവരം പാതിരാത്രി ഞാനറിഞ്ഞതോടുകൂടി ഹോംമിനിസ്റ്ററെ വിവരം അറിയിച്ചുകൊണ്ട് ഞാനും ശ്രീ.കെ.എം. മാണിയും കൂടി സംഭവസ്ഥലത്തേക്ക് പോകുകയുണ്ടായി. കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും പാലാ ആശുപത്രിയിലും മരിച്ചു കിടക്കുന്ന ആളുകളെയും അതുപോലെതന്നെ പരിക്കേറ്റ് വിവിധ നിലകളിൽ കഴിയുന്ന ഡസൻ കണക്കിനുള്ള ആളുകളെയും ഞങ്ങൾ പോയി സന്ദർശിച്ചു. നമ്മുടെ സംസ്ഥാനത്ത് പലപ്പോഴും ബസ്സപകടം ഉണ്ടായി വളരെയധികം മരണപ്പെട്ടിട്ടുണ്ടെങ്കിൽ പോലും ബസ്സ് ജനക്കൂട്ടത്തിന്റെ ഇടയിൽ കയറി ഇത്രയധികം ആളുകൾ മരണപ്പെടുന്ന ഒരു സംഭവം നമ്മുടെ സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ടോയെന്ന് അറിയില്ല. വളരെയധികം നിർഭാഗ്യകരമായ ഒരു സംഭവമാണ് ഇത്. മരണപ്പെട്ട പതിനഞ്ചുപേരിൽ രണ്ടു വീട്ടുകാർ കുറെകഴിവുള്ളവരും ബാക്കിയുള്ളവർ പാവപ്പെട്ട ആളുകളുമാണ്. ആറുമാസം പ്രായമുള്ള കൊച്ചുകുട്ടികൾ ഉൾപ്പെടെയുള്ള യുവതീയുവാക്കൻമാർ ആണ് മരണപ്പെട്ടത്. കുറ്റം ആരുടെ കൈയിൽ ആണെന്നുള്ള കാര്യത്തെക്കുറിച്ചു കടന്നു ഞാനൊന്നും പറയുന്നില്ല. രണ്ടു തരത്തിലുള്ള അഭിപ്രായങ്ങൾ കേൾക്കുന്നുണ്ട്. ഡ്രൈവറുടെ കുറ്റമാണെന്ന് പറയുന്നു. അതല്ല ബസ്സിന്റെ ബ്രേക്ക് കേടായിരുന്നുയെന്നും പറയുന്നു. അതിന്റെ സാങ്കേതികവശം അറിഞ്ഞുകൂടാ. ഈ അപകടം ഉണ്ടായ ഉടനെ വളരെയധികം ഭയാനകമായ അന്തരീക്ഷത്തിൽ ഭരണങ്ങാനം ഈരാറ്റുപേട്ട സ്ഥലങ്ങളിലെ ബസ്സുകളും കാറുകളും ആളുകളും എല്ലാം മുന്നോട്ട് വന്ന് പരിക്കു പറ്റിയവരെയും മരണമടഞ്ഞവരെയും എല്ലാം ആശുപത്രിയിൽ എത്തിക്കുന്നതിന് വമ്പിച്ച സഹായസഹകരണങ്ങൾ നൽകുകയുണ്ടായി. പോലീസ് ഉദ്യോഗസ്ഥൻമാരും മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഡാക്ടറൻമാരുമൊക്കെ ഇക്കാര്യത്തിൽ, ഇന്നലെ നടന്ന വിലാപഘോഷയാത്രയൊക്കെ കഴിയുന്ന സമയംവരെ സ്തുത്യർഹമായ സേവനം ചെയ്തു എന്നു പറയാൻ എനിക്ക് വളരെയധികം സന്തോഷമുണ്ട്. കോട്ടയം കളക്ടറും ഡി. വൈ. എസ്. പി.യും എ. ഡി. എം.യും മറ്റു ഉദ്യോഗസ്ഥൻമാരും വേണ്ട സഹായസഹകരണങ്ങൾ ചെയ്തുകൊടുക്കുകയുണ്ടായി. ബസ്സിൽ യാത്ര ചെയ്തിരുന്ന ആർക്കും കാര്യമായ മുറിവു പറ്റിയിട്ടില്ല. അവിടെയുള്ള വേദനനിറഞ്ഞ അന്തരീക്ഷത്തിൽ എല്ലാ ജനങ്ങളും ആവശ്യപ്പെടുന്നത്, ഇന്നലത്തെ അനുശോചനയോഗത്തിലും പരസ്യമായി പ്രമേയം പാസ്സാക്കി ആവശ്യപ്പെടുന്നത്, ഈ സംഭവത്തെ സംബന്ധിച്ച് പരസ്യമായ ഒരു അന്വേഷണത്തിന് ഓർഡർ ചെയ്യണമെന്നാണ്. അതേപ്പറ്റി ഞാൻ എന്റെ

LIBRARY ARCHIVES Kerala Legislative Assembly

സഹമന്ത്രിമാരുമായി ആലോചിച്ച് പരസ്യമായ അന്വേഷണം ഓർഡർ ചെയ്യാൻ ഗവൺമെൻറ് നിശ്ചയിച്ചിരിക്കുകയാണ്. റിട്ടേർഡ് ഡിസ്ട്രിക്റ്റ് ജഡ്ജിയിൽ താഴെയല്ലാതെയുള്ള ഒരു വ്യക്തിയെകൊണ്ട് ഉടനടി പരസ്യമായ അന്വേഷണം നടത്താൻ ഗവൺമെൻറ് തീരുമാനിച്ചിട്ടുണ്ട്. മരിച്ച ആളുകൾക്ക് ഓരോരുത്തർക്കും 250 രൂപയുടെ സൗജന്യം തഹസീൽദാർ അനുവദിച്ചത് കളക്ടർ കൂടി ഇടപ്പെട്ട് നൽകി കഴിഞ്ഞിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ചതുപോലെ ഒന്ന് രണ്ട് കുടുംബങ്ങളൊഴിച്ച് ബാക്കിയുള്ളവർ തീരെ നിർധനരാണ്. അങ്ങനെ മരണമടഞ്ഞവരുടെ ആളുകൾക്ക് എന്തു സഹായം ചെയ്യാൻ കഴിയുമെന്ന് മന്ത്രിസഭ ആലോചിച്ച് കഴിവുള്ളതെല്ലാം ചെയ്യാൻ ആഗ്രഹിക്കുന്നുണ്ട്. ഈ മന്ത്രിസഭയേയും ബഹുമാനപ്പെട്ട സഭയേയും പ്രതിനിധീകരിച്ചുകൊണ്ട് ഈ ചടങ്ങിൽ പങ്കെടുക്കുകയും പരിക്കേറ്റവരെ സന്ദർശിക്കുകയും അനുശോചനയോഗങ്ങളിലുംപ്പെടെ വിലാപഘോഷയാത്രകളിലും മറ്റും സംബന്ധിക്കുകയും ഈ സഭയുടെയും മന്ത്രിസഭയുടെയും അനുശോചനം എളിയ പ്രതിനിധിയെന്നുള്ള നിലയിൽ പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തത് അവിടത്തെ ജനങ്ങളുടെ ഇടയിൽ ആശ്വാസകരമായ പ്രതികരണം ഉണ്ടാക്കി എന്ന് ഞാൻ ഈ അവസരത്തിൽ പറയാൻ ആഗ്രഹിക്കുകയാണ്. ഇതുപോലെയുള്ള സംഭവങ്ങളും മേലാൽ ഉണ്ടാകാതിരിക്കാൻ വേണ്ടി പല കാര്യങ്ങളും ചെയ്യേണ്ടതായിട്ടുണ്ടെന്നു തോന്നുന്നു. ഡ്രൈവറൻമാരുടെ ക്വാളിഫിക്കേഷൻ ഇടയ്ക്കിടക്ക് പരിശോധിക്കുക, ബസുകളുടെ യോഗ്യതയെസംബന്ധിച്ച് ശരിക്ക് പരിശോധിക്കുക, എന്നിങ്ങനെയുള്ള കാര്യങ്ങളും കർക്കശമായി നോക്കി ഇങ്ങനെയുള്ള അപകടങ്ങളും ഭാവിയിൽ ഉണ്ടാകാതിരിക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യണമെന്ന് ഗവൺമെൻറ് ആഗ്രഹിക്കുന്നു. ഇതിൽ കൂടുതലൊന്നും പറയുന്നില്ല. നമ്മുടെ സംസ്ഥാനത്ത്, മധ്യകേരളത്തിൽ ഇങ്ങനെയൊരു അതിദാരുണമായ സംഭവമുണ്ടായതിൽ വിലപിക്കാത്തവർ ആരും ഉണ്ടായിരിക്കുകയില്ല. ഈ അതിദാരുണമായ സംഭവം ഉണ്ടായതിൽ ഗവൺമെൻറിനും സഭയ്ക്കും അത്യഗാധമായ ഖേദമുണ്ടെന്ന് ജനങ്ങളും മനസ്സിലാക്കുന്നുണ്ട്. എങ്കതായാലും അങ്ങനെയൊരു നിർഭാഗ്യകരമായ സംഭവം ഉണ്ടായി. ഗവൺമെൻറിന് ചെയ്യാൻ കഴിയുന്നതൊക്കെ ചെയ്യുന്നുണ്ട്. മേലിൽ ഇതുപോലെയുള്ള സംഭവങ്ങളും ഉണ്ടാകാതിരിക്കാൻ വേണ്ട നടപടികളും കൈക്കൊള്ളുന്നതാണെന്നും പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ: മന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ഈ അടിയന്തിരപ്രമേയത്തിന് അനുമതിനൽകുന്നില്ല.

ശ്രീ. റ്റി. കെ. രാമകൃഷ്ണൻ: ദിവസേന ഇവിടെ വെടിവയ്പ്പുകളും അതുപോലെയുള്ള സംഭവങ്ങളും നടന്ന് മരണം നടക്കുന്നുണ്ട്. നിയമസഭ കൂടികൊണ്ടിരിക്കുന്ന സമയം സ്വാഭാവികമായും ആ മാതിരി കാര്യങ്ങളും സഭാവേദിയിൽ ഉന്നയിക്കാനും ഗവൺമെൻറുഭാഗത്തുനിന്ന് അതിന് മറുപടി ലഭിക്കാനും അതിൻമേൽ നടപടിയെടുക്കുമെന്നുള്ള ഉറപ്പു കിട്ടാനും ബാധ്യതയുള്ളതുകൊണ്ടാണ് ഞങ്ങളും ഈമാതിരി കാര്യങ്ങളും സഭയിൽ ഉന്നയിക്കുന്നത്.

ചെറിയനാടു നടന്ന വെടിവയ്പ്പിനെസംബന്ധിച്ചും കോഴിക്കോട് നടന്ന വെടിവയ്പ്പിന്റെ ഫലമായി രണ്ടുപേർ ആസന്നനിലയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുന്നതിനെസംബന്ധിച്ചും ഉള്ള അടിയന്തിര പ്രാധാന്യമുള്ള കാര്യങ്ങളാണ് ഞങ്ങളും റൂൾ 61 അനുസരിച്ച് സഭയിൽ കൊണ്ടുവരുന്നത്. അതെടുക്കാതെ ചിലതു മാത്രം എടുക്കുന്നതിനെപ്പറ്റി ഞാനൊന്നും പറയുന്നില്ല. ഇന്നലെ ഈ സഭയിൽ ഒരു ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു. ഇന്നും ആ വിഷയത്തെപ്പറ്റി മറ്റൊരു മന്ത്രിമറുപടി പറഞ്ഞു ഞങ്ങൾക്കതിൽ എതിർപ്പില്ല. ജനങ്ങളെ ബാധിക്കുന്ന പ്രശ്നമായതുകൊണ്ട് ഉത്കണ്ഠാഭരിതരായ നിയമസഭ അതു ചർച്ച ചെയ്യേണ്ടതാണ്. ഞങ്ങൾ കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന അടിയന്തിരപ്രാധാന്യമുള്ള കാര്യങ്ങളെസംബന്ധിച്ചിടത്തോളം എന്താണ് പറയുന്നതെന്ന് കേൾക്കാനുള്ള അവകാശമുണ്ട്. അതുകൊണ്ട് അതിനുള്ള സമയം അനുവദിക്കണം.

ശ്രീ. ഇ. ജോൺജേക്കബ്: റൂൾസ് 61 അനുസരിച്ചാണ് ഞാനും നോട്ടീസ് കൊടുത്തിരിക്കുന്നത്. അതേപ്പറ്റി വിശദീകരിക്കാൻ സമയം തരണം.

മി. സ്പീക്കർ: ഒരു ദിവസം ഒരടിയന്തിരപ്രമേയം എന്ന കണക്കു വച്ചാണ് എടുക്കുന്നത്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഇന്നലെ ഒരു ബഹുമാനപ്പെട്ടമന്ത്രി അടിയന്തിരപ്രമേയത്തിന്മറുപടി പറഞ്ഞു. പക്ഷേ അതിന് മറുപടി പറയേണ്ട മന്ത്രി അവിടെ പോയതുകൊണ്ട് അദ്ദേഹത്തിന്റെമറുപടി കേൾക്കാൻ സഭയ്ക്കു താൽപര്യമുണ്ട്. ഇപ്പോഴും കേൾക്കുകയും ചെയ്തു. സഭയുടെ സമയംരണ്ടു സ്റ്റേറ്റുമെന്റിനു അനുവദിക്കുമെങ്കിൽ, ഇതുപോലെ വെടിവയ്പ്പു നടന്നിട്ടുള്ള സംഗതികളും, വളരെ ഗൗരവമായ സംഗതികളും സ്റ്റേറ്റിൽ നടന്നുകൊണ്ടിരിക്കുമ്പോൾ ആ നടക്കുന്നതിനെപറ്റി ഗവൺമെന്റിന്റെ മറുപടി കേൾക്കുന്നതിനുള്ള സമയം ഞങ്ങൾക്കു തരണം.

മി. സ്പീക്കർ: ഇന്നലത്തെ അടിയന്തിരപ്രമേയം ഇന്നലെത്തന്നെ എടുത്തു എങ്കിലും ഡിസ്പോസ് ചെയ്തില്ല. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് മന്ത്രി സ്ഥലത്ത് പോയിട്ടുണ്ട്; അദ്ദേഹം ഈ സംഗതിയെപ്പറ്റി നാളെ ഒരു പ്രസ്താവന ചെയ്യുമെന്നാണ്. അടിയന്തിരപ്രമേയങ്ങൾ അടിയന്തിരപ്രാധാന്യമർഹിക്കുന്ന കാര്യങ്ങളാണ് എന്ന് ശ്രീ. രാമകൃഷ്ണൻ പറഞ്ഞു. നമ്മുടെ സഭയിൽ വളരെയേറെ മെമ്പർമാർ ഉണ്ട്. അവരെല്ലാം കൊണ്ടുവരുന്ന പ്രമേയങ്ങൾ ചർച്ചയ്ക്ക് എടുക്കാൻ തുടങ്ങുകയാണെങ്കിൽ വളരെ ബുദ്ധിമുട്ട് ഉണ്ടാകും. സഭയുടെ നടപടി ചട്ടങ്ങളനുസരിച്ച് മുന്നോട്ടു കൊണ്ടുപോകാൻ നിവൃത്തിയില്ലാതെ വരും. അതുകൊണ്ടാണ് അടിയന്തിരപ്രാധാന്യമുള്ള സംഗതികൾ ഇന്നതെല്ലാം വന്നിട്ടുണ്ടെന്ന് ഞാൻ ഇവിടെ പ്രസ്താവിച്ചത്. പിന്നെ ബഹുമാനപ്പെട്ട മെമ്പറൻമാർ കൊണ്ടുവരുന്ന പ്രമേയങ്ങളുടെ പ്രാധാന്യത്തെ മാനിച്ചുകൊണ്ടാണ് ഇങ്ങനെ ഒന്ന് പറയുന്നത്. പക്ഷേ ഒരു ദിവസം ഒരു അടിയന്തിരപ്രമേയം മാത്രമേ എടുക്കാൻ സാധിക്കുകയുള്ള:

ശ്രീ. ടി. കെ. രാമകൃഷ്ണൻ: മന്ത്രിക്ക് പ്രസ്താവനയ്ക്ക് സൗകര്യം കൊടുക്കുന്നതുപോലെ എന്താണ് വിവരം എന്നു അറിയിക്കുന്നതിനു ഒരു സൗകര്യം ഞങ്ങൾക്കും കിട്ടണം.

ശ്രീ. ഇ. എം. ജോർജ്: ഇന്നും ഇന്നലെയും ഭരണകക്ഷിയിൽപെട്ട രണ്ടു മെമ്പറൻമാർ അവതരിപ്പിച്ച അടിയന്തിരപ്രമേയത്തിന് അങ്ങു അനുവാദം നൽകി. അതിൽ ഞങ്ങൾക്ക് പ്രതിഷേധമില്ല. ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങൾക്ക് പാർലമെന്ററി പാർട്ടിയോഗം കൂടുമ്പോൾ അവരുടെ കാര്യങ്ങൾ സമർപ്പിക്കുവാനും സംസാരിക്കാനും അതിനു പരിഹാരം കാണാനും പ്രതിപക്ഷത്തേക്കാൾ കൂടുതൽ അവസരമുണ്ടെന്ന് അങ്ങേക്ക് അറിയാം. അത്രയും അവസരമില്ലാതെയിരിക്കുന്നു ഞങ്ങളുടെ അടിയന്തിരപ്രമേയങ്ങൾ മാറ്റിനിറുത്തികൊണ്ട് ഭരണകക്ഷിയിൽപ്പെട്ട അംഗങ്ങളുടെ അടിയന്തിരപ്രമേയം ആലോചനയ്ക്കെടുത്ത് അതിനുള്ള അവസരം ഞങ്ങൾക്കു കിട്ടാതെയിരിക്കുന്ന നടപടി നാളെമുതലെങ്കിലും അങ്ങു തിരുത്തണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഇ. അഹമ്മദ്: ശ്രീ രാമകൃഷ്ണൻ പറഞ്ഞതുപോലെ ഈ ഭാഗത്തുള്ള ഞങ്ങൾക്കൊക്കെ പല കാര്യങ്ങളും പ്രതിപാദിപ്പിക്കാനുണ്ട്. ഉദാഹരണമായി എന്റെ പ്രദേശത്തെ മട്ടന്നൂരിൽ ഒരു ട്രാൻസ്പോർട്ടു ബസിനു പെട്രോൾ ഒഴിച്ചു തീകത്തിച്ചു ഒരാളുടെ മരണത്തിനും എട്ടുപേർക്കു പരിക്കേൽക്കയും ചെയ്തു സംഭവം ഉണ്ടായി. അങ്ങയുടെ റൂളിംഗ് ഉള്ളതുകൊണ്ടാണു ഈ കാര്യങ്ങളൊന്നും ഞാനിവിടെ പരാമർശിക്കാതിരുന്നത്. ശ്രീ. രാമകൃഷ്ണൻ പറഞ്ഞതുപോലെ എല്ലാവർക്കും സംസാരിക്കാൻ അവസരം കൊടുക്കുകയണെങ്കിൽ ഈ ഭാഗത്തിരിക്കുന്ന ഞങ്ങൾക്കും പലതും പറയാനുണ്ട്. അതിനു കൂടി സന്ദർഭംതരണം.

മി. സ്പീക്കർ: രേണുകയെക്കാൾ കൂടുതൽ അവസരം പ്രതിപക്ഷത്തിനു കൊടുക്കണമെന്നു പറഞ്ഞു. ശ്രീ. ജോർജ് രേണുകയിലും ഇരുന്നിട്ടുണ്ട്: ഇപ്പോൾ പ്രതിപക്ഷത്തുവന്നിരിക്കുകയാണ്. രണ്ടു നിലയിലുള്ള അനുഭവങ്ങൾ വച്ചുകൊണ്ട് ഒന്ന് കാര്യമായി പരിശോധിച്ചു നോക്കിയാൽ പ്രതിപക്ഷത്തിന്റെ ഭാഗത്താണു മിക്കവാറും സ്പീക്കർ വന്നിരിക്കുന്നതെന്നുള്ള ബോധ്യം ഉണ്ടാകുമെന്നാണു തോന്നുന്നത്. ഇന്നുതന്നെ ചോദ്യങ്ങൾ ചോദിച്ചതിനെസംബന്ധിച്ചിടത്തോളമുള്ള കണക്കുകൾ ഞാൻ എഴുതി വച്ചിട്ടുണ്ട്. ഈ ഭാഗത്തു നിന്ന് ഇത്ര ചോദ്യം ചോദിച്ചു, ആ ഭാഗത്തുനിന്ന് ഇത്ര ചോദ്യം ചോദിച്ചു എന്നുള്ള കണക്കു ഞാൻ എഴുതിവച്ചിട്ടുണ്ട്. ഇന്നത്തെയും എഴുതിവച്ചിട്ടുണ്ട്. ഓരോ ദിവസത്തെയും എഴുതി ഓരോ ചോദ്യത്തിനും നോട്ടുചെയ്തു വരുകയാണ്. അതു പുറത്തു വിട്ടാൽ ഈ ഭാഗത്തിരിക്കുന്നവർ വമ്പിച്ച പ്രതിഷേധം ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല. ചോദ്യത്തിന്റെ കാര്യത്തിൽ മാത്രമല്ല, മറ്റു മിക്കവാറും എല്ലാ കാര്യങ്ങളിലും കൂടുതൽ പ്രതിപക്ഷത്തിനു അവസരംകൊടുക്കണമെന്നുള്ള മനോഭാവത്തോടുകൂടിയാണ് ഞാൻ ഇരിക്കുന്നത്. ഒരു ആരോപണമായിട്ടല്ല ജോർജ് പറഞ്ഞതെന്നാണ് എന്റെ വിശ്വാസം. ഓരോ മൺഡലത്തിൽനിന്നും വരുന്ന ആളുകൾക്ക് മിക്കവാറും അവരുടെ മൺഡലങ്ങളിലെ കാര്യങ്ങൾ പറയാൻ കാണും. അങ്ങനെയുള്ള കാര്യങ്ങൾക്ക് വളരെയേറെ സമയം എടുക്കുന്നുണ്ട്. പത്തു ഇരുപത്തിയഞ്ചു മിനിട്ട് ആശുപത്രി കാര്യം ചോദിക്കാൻ വേണ്ടിതന്നെ എടുത്തു. അങ്ങനെ ധാരാളം സമയം എടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. എന്തായാലും എന്നിൽ നിന്ന് ഈ മാതിരിയുള്ള കാര്യങ്ങളിൽ കൂടുതൽ പരിഗണന പ്രതിപക്ഷത്തിരിക്കുന്നവർക്കാണ് ഉണ്ടാകുകയെന്നുള്ളത് ഞാൻ പറയുമ്പോൾ രേണുകയിലുള്ള ആളുകൾക്കും ആർക്കും മുഷിച്ചിൽ ഉണ്ടാകേണ്ട. അവർക്കും അവസരം കൊടുക്കുമെന്നു ഞാൻ പറയുകയാണ്. ഈ മാതിരി ഉള്ള കാര്യങ്ങളിൽ എന്നെസംബന്ധിച്ചിടത്തോളം എന്റെ ആനുകൂല്യങ്ങൾ പ്രതിപക്ഷത്തിരിക്കുന്നവർക്ക് ഉണ്ടാകുമെന്ന് പ്രതിപക്ഷ സുഹൃത്തുക്കൾക്ക് വിശ്വസിക്കാം.

റൂൾ 61 അനുസരിച്ച് കട്ടായിക്കോണം ശ്രീധർക്ക് സംസാരിക്കാം.

CALLING ATTENTION UNDER RULE 61

Lathi-charge by Police in Kazhakuttom on January 19, 1970

ശ്രീ. വി. ശ്രീധർ: ഈ കഴിഞ്ഞ ജനുവരി 19—ാം തീയതി വൈകുന്നേരം ഏഴു മണിക്ക് ബഹു: ട്രാൻസ്പോർട്ട് മന്ത്രി മി. ജോർജ് കഴക്കൂട്ടത്തുള്ള ഒരു ജ്യോതിഷാലയം സന്ദർശിക്കുകയുണ്ടായി. അദ്ദേഹം കഴക്കൂട്ടത്തു വരുന്നുണ്ടെന്നു അറിഞ്ഞിട്ട്, അടുത്തകാലത്ത് ട്രാൻസ്പോർട്ട് മന്ത്രിയെന്നുള്ള നില

LIBRARY ARCHIVES Kerala Legislative Assembly